## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, തൃശ്ശൂർജില്ല

**പ്രവചന കാലയളവ് 08.6.2022 മുതൽ 12.6.2022 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കലാവസ്ഥാവകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ.എ.എസ് ബുള്ളറ്റിൻ നമ്പർ 23/2022,(45) ചൊവ്വാഴ്ച | തീയ്യതി 07/6/2022 |
|---|---|

### 1. കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:

| മഴ (മി.മി) | ഉയർന്ന താപനില (°C) | കുറഞ്ഞ താപനില (°C) | കൂടിയ അന്തരീക്ഷ ആർദ്രത (%) | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ) | സൂര്യപ്രകാശ ത്തിന്റെ അളവ് (മണിക്കൂർ) | ബാഷ്പീകര ണം (മി.മി) |
|---|---|---|---|---|---|---|---|
| (27.0) | 32.0 -32.8) | (23.5-25.7) | (92-97) | (61-76) | (1.7-2.9) | (5.6-9.6) | (3.0-3.9) |

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 08.6.2022 | 09.6.2022 | 10.6.2022 | 11.6.2022 | 12.6.2022 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 14 | 12 | 10 | 16 | 8 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 30 | 30 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 72 | 72 | 72 | 72 | 72 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/മണിക്കൂർ) | 6 | 6 | 6 | 6 | 6 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 230 | 230 | 230 | 230 | 230 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 7 | 7 | 8 |

കാലാവസ്ഥാ അറിയിപ്പ്: ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്കും സാധ്യത. കേരളത്തിൽ ശരാശരി മഴ ലഭിക്കാൻ സാധ്യത.

### അടുത്ത അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം

| 2022 ജൂൺ 08 | 2022 ജൂൺ 09 | 2022 ജൂൺ 10 | 2022 ജൂൺ 11 | 2022 ജൂൺ 12 |
|---|---|---|---|---|
| നേരിയ മഴ | നേരിയ മഴ | നേരിയ മഴ | സാമാന്യം ഭേദപ്പെട്ട മഴ | നേരിയ മഴ |

### 3. വിള പരിപാലനത്തിനുള്ള പൊതുനിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

**പൊതുനിർദ്ദേശങ്ങൾ:** താഴ്ന്ന പ്രദേശങ്ങളിൽ നീർവാർച്ചാ സൗകര്യങ്ങൾ ഉറപ്പു വരുത്തുക. കാലവർഷം ആരംഭിച്ചതിനാൽ കാർഷിക വിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. മണ്ണ് പരിശോധ നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർത്തുകൊടുക്കുക. **മഴയില്ലാത്ത സമയത്തു മാത്രം കീടനാശിനി പ്രയോഗം നടത്തുക.**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക/ മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (വിരിപ്പ്) | നിലമൊരുക്കൽ മുതൽ പറിച്ചുനടീൽ വരെ | വിരിപ്പു കൃഷിക്കായുള്ള ഞാറ് നാലോ അഞ്ചോ ഇല പ്രായത്തിൽ പറിച്ചു നടാം. സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ വേര് അരമണിക്കൂർ കുതിർത്തു നട്ടാൽ പിന്നീട് പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി രോഗങ്ങൾ ഒരു പരിധിവരെ തടയാം. ഇതിന് ഒരു കി.ഗ്രാം വിത്തിന് 10 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന കണക്കിന് കലക്കി സ്യൂഡോമോണാസ് ലായനി ഉണ്ടാക്കാം. |
| തെങ്ങ് | കൂമ്പു ചീയൽ | വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ നീർവാർച്ചാ സൗകര്യങ്ങൾ ഉറപ്പു വരുത്തുക. അധിക മഴ വെള്ളം നിലനിർത്താൻ തെങ്ങിന്റെ തടം തുറക്കുക. തെങ്ങിലെ കൂമ്പു ചീയൽ രോഗത്തിന് മുൻ കരുതലായി 1 % വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ചു കൊടുക്കുക |
| ജാതി | ഇല പൊഴിച്ചിൽ | മഴക്കാലത്ത് ജാതിയിൽ ഇലകൊഴിച്ചിൽ വരാതിരിക്കാനുള്ള മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കലക്കി തളിച്ചു കൊടുക്കാവുന്നതാണ്. **മഴയില്ലാത്ത സമയത്തു മാത്രം കീടനാശിനി പ്രയോഗം നടത്തുക.** |
| പച്ചക്കറികൾ (മുളക്,വഴുതന) | പരിചരണം | മുളക്, വഴുതന തുടങ്ങിയ പച്ചക്കറികൾ നടുമ്പോൾ വേരുകൾ സ്യൂഡോമോണാസ് ലായനിയിൽ മുക്കി വെച്ചതിനുശേഷം നടുക. |
| മൃഗസംരക്ഷണം | കോഴിക്കൂട് നിർമ്മിക്കുവാനായി ഈർപ്പം അധികം വരാൻ ഇടയില്ലാത്ത സ്ഥലം തെരഞ്ഞെടുക്കണം. മഴച്ചാറ്റൽ ഉള്ളിൽ വീഴാതിരിക്കാൻ മേൽക്കൂരയുടെ ചായ്വ് നീട്ടി കൊടുക്കണം. (CAADECCS, KVASU,മണ്ണുത്തി) | |